REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-06-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ മൂന്നാം NDA മന്ത്രി സഭ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15ന് നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും.**
- **കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സണായി സോണിയാ ഗാന്ധിയെ വീണ്ടും തെരഞ്ഞെടുത്തു.**
- **സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഇന്ന് അർദ്ധ രാത്രി നിലവിൽ വരും.**
- **ഭൂപതിവ് നിയമ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചു.**
- **അതിശക്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ വൈകിട്ട് പാകിസ്താനെ നേരിടും.**

## വാർത്തകൾ വിശദമായി

**നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ മൂന്നാം NDA മന്ത്രി സഭ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15ന് നടക്കുന്ന**

സത്യപ്രതിജ്ഞാ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കും മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........വോയ്സ്...........

തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയാകുന്ന നരേന്ദ്ര മോദിയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ അയൽ രാജ്യങ്ങളിൽ നിന്നു നിരവധി രാഷ്ട്ര നേതാക്കൾ ഇതിനകം ഡൽഹിയിൽ എത്തിയിട്ടുണ്ട്.

ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ, മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ്, വൈസ് പ്രസിഡന്റ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി, ഷെയ്ഖ് ഹസീന, മൗറീഷ്യസ് പ്രധാനമന്ത്രി, പ്രവിന്ദ് കുമാർ ജുഗ്നൗത്ത്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമൽ ദഹൽ പ്രചണ്ഡയും ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയും ചടങ്ങിൽ പങ്കെടുക്കും.

രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഒരുക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കും. പരിപാടിയിൽ സുരക്ഷ ഉറപ്പാക്കാൻ ഡൽഹി പൊലീസ് കർശന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. സത്യപ്രതിജ്ഞാ ചടങ്ങിനിടെ ഡൽഹിക്ക് മുകളിലൂടെ പാരാഗ്ലൈഡറുകൾ, പാരാമോട്ടറുകൾ, ഹാംഗ് ഗ്ലൈഡറുകൾ, ആളില്ലാ ആകാശ

വാഹനങ്ങൾ ഹോട്ട് എയർ ബലൂണുകൾ എന്നിവയുൾപ്പെടെ പറക്കുന്നത് പോലീസ് ഇന്നും നാളെയും നിരോധിച്ചു.

✪✪✪

സത്യപ്രതിജ്ഞാ ചടങ്ങ് ആകാശവാണി തത്സമയം പ്രക്ഷേപണം ചെയ്യും. വൈകിട്ട് 6.45 മുതൽ ആകാശവാണിയുടെ കേരളാ നിലയങ്ങളിൽ ഇത് ലഭ്യമാകും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ തുടർച്ചയായി മൂന്നാം തവണയും വിജയിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ആശംസ നേർന്ന ഒമാൻ, സൗദി അറേബ്യ ഉൾപ്പെടെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെ നേതാക്കൾക്ക് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ നന്ദി അറിയിച്ചു.

സൗദി അറേബ്യൻ കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ അൽ സൗദിന്റെ ആശംസകൾക്ക് അദ്ദേഹം സൗദി അറേബ്യയുടെ വിദേശ മന്ത്രാലയത്തിന് നന്ദി പറഞ്ഞു. ഭാവിയിൽ സഊദിയുമായി ഉഭയകക്ഷി ബന്ധത്തിൽ അഭൂതപൂർവമായ ഉയരങ്ങൾ കൈവരിക്കാൻ ഇന്ത്യ ഉറ്റുനോക്കുന്നുവെന്ന് ജയ്സ്വാൾ വ്യക്തമാക്കി.

ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിഖിന്റെ ആശംസകൾക്ക് രൺധീർ ജയ്സ്വാൾ ഒമാൻ വിദേശകാര്യ മന്ത്രിയെയും നന്ദി അറിയിച്ചു. ഒമാൻ ഗവൺമെന്റുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്ന് വക്താവ് അറിയിച്ചു.

ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിനും രൺധീർ ജയ്സ്വാൾ നന്ദി പറഞ്ഞു.

✪✪✪

കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സണായി മുതിർന്ന നേതാവ് സോണിയ ഗാന്ധിയെ ഐകകണ്ഠ്യേന വീണ്ടും തിരഞ്ഞെടുത്തു. സോണിയാ ഗാന്ധിയും പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും കൂടിയാലോചിച്ച് ലോക്സഭയിലെ പ്രതിപക്ഷ നേതാവിനെ നാമനിർദേശം ചെയ്യും.

ഡെസ്ക് റിപ്പോർട്ട്.........

........വോയ്സ്........

വിപുലീകരിച്ച കോൺഗ്രസ്സ് പ്രവർത്തക സമിതി മുതിർന്ന പാർട്ടി നേതാവ് രാഹുൽ ഗാന്ധിയോട് ലോക്സഭയിലെ പ്രതിപക്ഷ നേതാവായി ചുമതലയേൽക്കണമെന്ന് അഭ്യർത്ഥിക്കുന്ന പ്രമേയം പാസാക്കിയിരുന്നു. രാഹുൽ ഗാന്ധിയുടെ നേതൃത്വം ശക്തവും ജാഗ്രതയുമുള്ള പ്രതിപക്ഷത്തെ കെട്ടിപ്പടുക്കുമെന്ന് പ്രവർത്തക സമിതി കരുതുന്നതായി AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ യോഗത്തിന് ശേഷം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

അടുത്തിടെ നടന്ന തെരഞ്ഞെടുപ്പു കോൺഗ്രസിന് ബൂസ്റ്റർ ഡോസാണെന്ന് കോൺഗ്രസ് മാധ്യമ വിഭാഗം മേധാവി ജയറാം രമേശ് അഭിപ്രായപ്പെട്ടു.

സംസ്ഥാനതലത്തിൽ പാർട്ടിയുടെ തിരഞ്ഞെടുപ്പ് പ്രകടനത്തെക്കുറിച്ച് സമഗ്രമായ വിശകലനം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

പ്രതികൂല സാഹചര്യങ്ങൾക്കിടയിലും തെരഞ്ഞെടുപ്പിൽ പോരാടി വിജയിച്ച എല്ലാ അംഗങ്ങളേയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പ്രവർത്തക സമിതി യോഗത്തിൽ അഭിനന്ദിച്ചു. ജനാധിപത്യത്തെയും ഭരണഘടനയെയും സംരക്ഷിക്കുന്നതിന് രാജ്യത്തുടനീളം കോൺഗ്രസിന് ജനങ്ങളിൽ നിന്ന് വലിയ പിന്തുണയാണ് ലഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു. I.N.D.I.A ബ്ലോക്ക് പങ്കാളികളുമായി ചേർന്ന്, പാർലമെന്റിലും പുറത്തും പാർട്ടി ഐക്യത്തോടെ ഒരുമിച്ച് പ്രവർത്തിക്കുമെന്നും ഖാർഗെ പറഞ്ഞു.

✪✪✪

രാജ്യത്ത് ഗ്രാമങ്ങളിലെ ശരാശരി പ്രതിമാസ മൂലധനച്ചെലവ് നഗരങ്ങളിലേതിനേക്കാൾ 71 ശതമാനം കുറവാണെന്ന് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ ഗാർഹിക ഉപഭോഗ ചെലവ് സംബന്ധിച്ച സർവേയിൽ കണ്ടെത്തി. 2022 ഓഗസ്റ്റ് മുതൽ 2023 ജൂലൈ വരെ കാലയളവിൽ ഗ്രാമങ്ങളിലെ പ്രതിശീർഷ ഉപഭോഗ ചെലവ് 3,773 രൂപയും നഗരങ്ങളിലേത് 6,459 രൂപയുമാണ്.

2022-23 കാലയളവിൽ ഗ്രാമീണ ഇന്ത്യ അതിന്റെ ഗാർഹിക ഉപഭോഗച്ചെലവിന്റെ 46 ശതമാനവും ഭക്ഷണത്തിനായാണ് ചെലവഴിച്ചതെന്നും സർവേ പറയുന്നു. നഗരങ്ങളിൽ

ഭക്ഷണത്തിനായി ചെലവഴിച്ചത് 39 ശതമാനമാണ്. ഭക്ഷ്യവസ്തുക്കളിൽ, പാനീയങ്ങൾ, റിഫ്രെഷ്മെന്റുകൾ, സംസ്കരിച്ച ഭക്ഷണങ്ങൾ എന്നിവയ്ക്കായാണ് രണ്ട് മേഖലകളിലും കൂടുതൽ തുക വിനിയോഗിച്ചത്.

✪✪✪

റാമോജി ഫിലിം സിറ്റി സ്ഥാപകനും ഈനാട് മാധ്യമഗ്രൂപ്പ് ചെയർമാനുമായ റാമോജി റാവുവിന്റെ സംസ്കാരം രാവിലെ 11ന് റാമോജി ഫിലിം സിറ്റിയിൽ നടക്കും. പൂർണ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം.

ശ്വാസതടസ്സത്തെത്തുടർന്ന് ഹൈദരാബാദിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ പുലർച്ചെയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

സംസ്ഥാനത്ത് ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി നിലവിൽ വരും. 52 ദിവസത്തെ നിരോധനം അടുത്തമാസം 31 ന് അവസാനിക്കും. ആഴക്കടലിൽ മീൻ പിടുത്തത്തിന് പോയ യന്ത്രവത്കൃത ബോട്ടുകൾ മിക്കതും മീൻപിടുത്തം അവസാനിപ്പിച്ച് ഹാർബറിലെത്തി. നിരോധനകാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളമേ അനുവദിക്കൂ. യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യബന്ധനം പൂർണമായും നിരോധിക്കും. ട്രോളിങ് കാലയളവിൽ ബോട്ടിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഗവൺമെന്റ് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

✪✪✪

കൃഷിക്കും താമസത്തിനും പതിച്ചുനൽകിയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചത് ക്രമപ്പെടുത്തുന്നതിനു ഭൂപതിവ് നിയമഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചു. കഴിഞ്ഞ സെപ്റ്റംബറിൽ നിയമസഭ പാസാക്കിയ ബിൽ കഴിഞ്ഞമാസമാണ് ഗവർണർ അംഗീകരിച്ചത്. എന്നാൽ ബിൽ വിജ്ഞാപനം ചെയ്യാൻ തെരഞ്ഞെടുപ്പ് കമീഷൻ അനുമതി നൽകിയിരുന്നില്ല.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ച സാഹചര്യത്തിലാണ് 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്ടിന്റെ ഭേദഗതി ഗവൺമെന്റ് വിജ്ഞാപനം ചെയ്തത്.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഇന്ന് രണ്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയയും ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. വയനാട് മുതൽ എറണാകുളം വരെ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള തീരത്ത് ചൊവ്വാഴ്ച വരെ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെ വേഗത്തിലും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിലും ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കേരള തീരത്തും തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണമെന്നു ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിൽ മഴ ശക്തമായി. പലയിടങ്ങളിലും കടലേറ്റം രൂക്ഷമാണ്. പുതിയങ്ങാടി ചൂട്ടാട് ബീച്ചിൽ 40 മീറ്ററോളം കര കടലെടുത്തു. പാപ്പിനിശ്ശേരി സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ ഒ.പി. കൗണ്ടറിൽ വെള്ളം കയറി.

✪✪✪

സംസ്ഥാനത്ത് മഴയെ തുടർന്ന് പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ തദ്ദേശ ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച കൺട്രോൾ റൂമിൽ ലഭിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ടവർക്ക് കൈമാറി ഇതിനകം ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിച്ചതായി പ്രിൻസിപ്പൽ ഡയറക്ടർ എം.ജി. രാജമാണിക്യം അറിയിച്ചു.

മഴയെ തുടർന്ന് രൂപപ്പെട്ട വെള്ളക്കെട്ടുകൾ, പെട്ടെന്നുണ്ടായ പകർച്ചവ്യാധികൾ മറ്റ് ബുദ്ധിമുട്ടുകൾ എന്നിവ

സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൺട്രോൾ റൂം നമ്പറിൽ വിളിച്ച് അറിയിക്കാമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ഇന്ന് ഗ്രൂപ്പ് എ മത്സരത്തിൽ പാക്കിസ്താനെ നേരിടും. ന്യൂയോർക്കിലെ നസാവു കൗണ്ടി ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം.

ഗയാനയിൽ ഗ്രൂപ്പ് സിയിൽ ഉഗാണ്ടക്കെതിരായ മത്സരത്തിൽ ടോസ് നേടിയ വെസ്റ്റ് ഇന്റീസ് ബാറ്റിങ് തെരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വെസ്റ്റ് ഇന്റീസ് 11 ഓവറിൽ രണ്ട് വിക്കറ്റിന് 100 റൺസെടുത്തു.

ബാർബഡോസിൽ ഇന്നലെ 36 റൺസിന് ഓസ്ട്രേലിയ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ദക്ഷിണാഫ്രിക്ക നാലു വിക്കറ്റിന് നെതർലാന്റ്സിനെ പരാജയപ്പെടുത്തി.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നിസ് വനിത സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം പോളണ്ടിന്റെ ഇഗ സ്വ്യാംതെക്കിന് കിരീടം. റോളണ്ട് ഗാരോസിൽ ഇറ്റലിയുടെ ജാസ്മിൻ പൗളോനിയെ പരാജയപ്പെടുത്തിയാണ് ഇഗ ഹാട്രിക് കിരീടം സ്വന്തമാക്കിയത്.

പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് സ്പാനിഷ് താരം കാർലോസ് അൽകാരസും ജർമൻ താരം അലക്സാണ്ടർ സ്വരേവും ഏറ്റുമുട്ടും.

✪✪✪

ലണ്ടനിൽ FIH ഹോക്കി പ്രോ ലീഗിലെ മൂന്നാം മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ജർമ്മനിയോട് 2-3 ന് പരാജയപ്പെട്ടു.

ഇന്ത്യ ഇന്ന് ആതിഥേയരായ ബ്രിട്ടനെ നേരിടും. വൈകീട്ട് ആറിനാണ് മത്സരം.

✪✪✪

ഓമന മൃഗങ്ങളെ വിദേശത്തേക്ക് കൊണ്ടു പോകുന്നതിനു പെറ്റ് എക്സ്പോർട്ട് അനുമതി കേന്ദ്ര മൃഗസംരക്ഷണ വകുപ്പിൽ നിന്ന് കൊച്ചി വിമാനത്താവളത്തിന് ലഭിച്ചു. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ശീതീകരിച്ച പെറ്റ് സ്റ്റേഷൻ, പ്രത്യേക കാർഗോ വിഭാഗം, വെറ്ററിനറി ഡോക്ടർമാർ, കസ്റ്റംസ് ക്ലിയറൻസ് സൗകര്യം, ഫെസിലിറ്റേഷൻ സെൻറർ തുടങ്ങിയവ വിമാനത്താവളത്തിൽ ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം ഉള്ള സംസ്ഥാനത്തെ ഏക വിമാനത്താവളമാണ് കൊച്ചി. മൃഗങ്ങളെ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനു അനിമൽ ക്വാറന്റീൻ സെന്റർ വിമാനത്താവളത്തിൽ സ്ഥാപിക്കുന്നതിനു പ്രവർത്തനങ്ങൾ നടന്നു വരികയാണെന്ന് സിയാൽ അറിയിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഇന്ന് രാവിലെ 8:50 ന് ഹജ്ജ് യാത്രികരുമായി എട്ടാമത്തെ വിമാനം

സർവീസ് നടത്തും. നാളെ പുലർച്ചെ 1.55 നാണ് ഈ വർഷത്തെ അവസാനത്തെ ഹജ്ജ് വിമാന സർവീസ്.

അടുത്തമാസം 10 മുതൽ ഹാജിമാർ മടക്കയാത്ര ആരംഭിക്കും. മദീനയിൽ നിന്ന് ജൂലൈ 19 വരെയാണ് ഹാജിമാരുടെ മടക്ക യാത്ര. സൗദി എയർലൈൻസ് വിമാനമാണ് ഇത്തവണ ഹജ്ജ് സർവീസ് നടത്തുന്നത്.

✪✪✪

ഇടുക്കി ഇരട്ടയാർ ഉപ്പുകണ്ടത്ത് സംസ്കാര ചടങ്ങിന് എത്തിയവർക്കിടയിലേക്ക് വാഹനം പാഞ്ഞ് കയറി ഒരാൾ മരിച്ചു. ഉപ്പുകണ്ടം സ്വദേശി നെല്ലംപുഴയിൽ സ്കറിയ ആണ് മരിച്ചത്. പരിക്കേറ്റ രണ്ട് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പ്രാർത്ഥന ചടങ്ങിൽ പങ്കെടുത്ത് റോഡിന് സമീപം നിന്നവർക്കിടയിലേക്കാണ് വാഹനം പാഞ്ഞു കയറിയത്.

✪✪✪

കണ്ണൂർ കൂട്ടുപുഴ എക്സൈസ് ചെക്പോസ്റ്റിൽ വാഹന പരിശോധന നടത്തവെ ഉദ്യോഗസ്ഥരെ അപായപ്പെടുത്തുന്ന തരത്തിൽ കാറോടിച്ചു പോയവർ പിടിയിൽ.

ബേപ്പൂർ സ്വദേശി യാസ്സർ അറഫാത്ത്, കൂട്ടാളികളായ പുളിക്കൽ അരൂരിലെ ഷെഫീഖ്, ഇയാളുടെഭാര്യ സൗദ, പുല്ലിപ്പറമ്പ് ചേലേമ്പ്രയിലെ അഫ്നാനുദ്ദീൻ, പുളിക്കൽ സിയാകണ്ടത്ത് മുഹമ്മദ് ഷാഹിദ് എന്നിവരെയാണ് മലപ്പുറം,

കോഴിക്കോട് ജില്ലകളിൽ നിന്നായി എക്സൈസ് സംഘം പിടികൂടിയത്.

ഇവരിൽ നിന്ന് 50 ലക്ഷത്തോളം വിലവരുന്ന 685 ഗ്രാം മയക്കുമരുന്നും പിടിച്ചെടുത്തു.